പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1759 **26-10-2026-ൽ മറുപടിയ്ക്ക്**

നൂറുദിന കർമ്മ പരിപാടിയുടെ പുരോഗതി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പഴകുളം മധു	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) നിലവിലെ സർക്കാർ പ്രഖ്യാപിച്ച നൂറുദിന കർമ്മ പരിപാടിയുടെ ഇതുവരെയുള്ള പുരോഗതി വിശദമാക്കാമോ;

മറുപടി: നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 588 പദ്ധതികൾ ആണ് നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 570 പദ്ധതികൾ (ആകെ 96.94%) നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 18 പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.

(ബി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി എത്ര പദ്ധതികൾ ഇതിനകം പൂർത്തീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് അറിയിക്കാമോ;

മറുപടി: നൂറുദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആകെ 588 പദ്ധതികൾ ആണ് നടപ്പിലാക്കുന്നതിന് ലക്ഷ്യമിട്ടിരുന്നത്. ഇതിൽ 570 പദ്ധതികൾ (ആകെ 96.94%) നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള 18 പദ്ധതികൾ പൂർത്തീകരിച്ചു വരുന്നു.

(സി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി നടപ്പിലാക്കുന്ന പദ്ധതികൾക്കായി ആകെ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

മറുപടി: 100 ദിന കർമ്മ പദ്ധതികൾക്ക് മാത്രമായി പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

(ഡി) നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്നും ഓരോ വകുപ്പും കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കാമോ?

മറുപടി: പട്ടിക അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

100 ദിന കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തിയ പദ്ധത

Sl. No	Administrative Department	Project Name
1	Agriculture Development & Farmers Welfare	14 സ്മാർട്ട് കൃഷിഭവനുകളിലൂടെ 38000 കർഷകർക്ക് കതിർ പോർട്ടലിൽ നിന്നുള്ള സ്മാർട്ട് ഐഡി കാർഡ് വിതരണം ചെയ്യും . അതിൻ്റെ ഉദ്ഘാടനം വയനാട് മുട്ടിൽ കൃഷിഭവനിൽ വെച്ച് ചെയ്യും.
2	Agriculture Development & Farmers Welfare	5 പുതിയ വിള ഇനങ്ങളുടെ പ്രകാശനം
3	Agriculture Development & Farmers Welfare	7 ജില്ലകളിലെ പാടശേഖരങ്ങളുടെ ജി.ഐ.എസ് മാപ്പിംഗ് പൂർത്തീകരിക്കും (മലപ്പുറം, തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോഴിക്കോട്, ആലപ്പുഴ, പാലക്കാട്)
4	Agriculture Development & Farmers Welfare	AIF വായ്പ പദ്ധതിയിൽ ഉൾപ്പെടുത്തി കാർഷിക മേഖലയിലെ സംരംഭകർക്കായി സംസ്ഥാന തല ഏക ദിന ശില്പശാല സംഘടിപ്പിക്കുന്നു
5	Agriculture Development & Farmers Welfare	BPKP പദ്ധതിയിലൂടെ 25000 ഹെക്ടറിൽ കൃഷിക്കാർക്ക് ജൈവകൃഷി സർട്ടിഫിക്കറ്റ് വിതരണം ചെയ്യും
6	Agriculture Development & Farmers Welfare	RARS പട്ടാമ്പിയിൽ SHM ധനസഹായത്തോടെ നിർമ്മിച്ച ബയോ കൺട്രോൾ ലാബ്
7	Agriculture Development & Farmers Welfare	RKVY ധനസഹായത്തോടെ RARS പട്ടാമ്പിയിൽ മൾട്ടി നുട്രിയൻറ് മിക്സ് പ്രൊഡക്ഷൻ യൂണിറ്റ്
8	Agriculture Development & Farmers Welfare	SMAM പദ്ധതിയിലൂടെ 100 കർഷകർക്ക് കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും വിതരണം ചെയ്യും
9	Agriculture Development & Farmers Welfare	അഗ്രി അനലിറ്റിക്സ്, ഡ്രോൺസ്, ഇന്റർനെറ്റ് ഓഫ് തിങ്ങ്സ് (ഐ.ഒ.ടി), നിർമ്മിത ബുദ്ധി (ആർട്ടിഫിഷ്യൽ ഇൻറലിജൻസ്) എന്നീ സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തി 5 ജില്ലകളിൽ (വയനാട്, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, ആലപ്പുഴ) SMAM പദ്ധതിയിലൂടെ ഡ്രോൺ പരിശീലനം
10	Agriculture Development & Farmers Welfare	അമ്പലവയൽ കോളേജ് ഓഫ് അഗ്രിക്കൾച്ചർ പുതിയ അക്കാദമിക് ബ്ലോക്കിൻറെ ഉൽഘാടനം
11	Agriculture Development & Farmers Welfare	ആർ.ഐ.ഡി.എഫ് 27 -ഇൻഡഗ്രേറ്റഡ് -പാക്ക് ഹൗസ് നിർമാണം -കാക്കനാട്, എറണാകുളം ജില്ല

12	Agriculture Development & Farmers Welfare	ഇടുക്കി ജില്ലയിലെ മരിയപുരം കൃഷിഭവൻ പരിധിയിലെ ഏലക്ക പ്രൈമറി പ്രോസസ്സിംഗ് യൂണിറ്റ് ഉത്ഘാടനം
13	Agriculture Development & Farmers Welfare	ഇടുക്കി ദേവികുളം മൂന്നാർ കൃഷിഭവൻ പരിധിയിലുള്ള ഇൻറഗ്രേറ്റഡ് പാക്ക് ഹൗസ് ഉത്ഘാടനം
14	Agriculture Development & Farmers Welfare	ഇടുക്കി പീരുമേട് കൃഷിഭവൻ പരിധിയിലുള്ള സുഗന്ധ വ്യഞ്ജനങ്ങളുടെ സെക്കണ്ടറി പ്രോസസ്സിങ് യൂണിറ്റ് ഉത്ഘാടനം
15	Agriculture Development & Farmers Welfare	കൊക്കോ ഗവേഷണ കേന്ദ്രത്തിൻറെ പുതിയ RKVY കെട്ടിടത്തിൻറെ ഉത്ഘാടനം
16	Agriculture Development & Farmers Welfare	കൊയ്ത്ത് യന്ത്രം, ട്രാക്ടർ തുടങ്ങിയ കാർഷിക യന്ത്രങ്ങൾവാങ്ങുന്നതിന് 50 കർഷകർക്ക് കുറഞ്ഞ പലിശയ്ക്ക് AIF പദ്ധതിയിലൂടെ വായ്പകൾ ലഭ്യമാക്കും
17	Agriculture Development & Farmers Welfare	പാലക്കാട് ജില്ലയിലെ ആലത്തൂർ സ്റ്റേറ്റ് സീഡ് ഫാം ഹൈടെക് ഗോഡൗൺ നിർമ്മാണം പൂർത്തീകരണം
18	Agriculture Development & Farmers Welfare	ഫാം പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഓരോ റീറ്റെയിൽ ഔട്ട് ലെറ്റുകളുടെ പ്രവർത്തനം ആരംഭിക്കും
19	Agriculture Development & Farmers Welfare	മനുഷ്യ വന്യജീവി സംഘർഷം എന്ന വിഷയത്തിൽ ഏകദിന സംസ്ഥാനതല കോൺക്ലേവ് കോഴിക്കോട് ജില്ലയിൽ വച്ച് സംഘടിപ്പിക്കും
20	Agriculture Development & Farmers Welfare	മാവേലിക്കര തേനീച്ച വളർത്തൽ കേന്ദ്രത്തിൽ നാഷണൽ ബീ ബോർഡിൻറെ സാമ്പത്തിക സഹായത്തോടെ സ്ഥാപിക്കുന്ന തേൻ ഗുണനിലവാര പരിശോധന ലാബ് പ്രവർത്തന സജ്ജമാക്കും
21	Agriculture Development & Farmers Welfare	വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫല പോഷക തോട്ടങ്ങളുടെ സ്ഥാപനം
22	Agriculture Development & Farmers Welfare	സോയിൽ പോർട്ടൽ ഉത്ഘാടനം നടത്തുന്നു. സോയിൽ ഹെൽത്ത് കാർഡ്, മണ്ണ് അടിസ്ഥാന വിവരങ്ങൾ ഉൾപ്പെടെ ഉള്ള വിവരങ്ങൾ കർഷകർക്ക് കതിർ ആപ്പിൽ ഓൺലൈൻ ആയി ലഭ്യമാക്കുന്ന പദ്ധതി

23	Animal Husbandry	കന്നുകാലികളെ മൃഗസംരക്ഷണ വകുപ്പിന്റെ ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി 15% പ്രീമിയം മാത്രം ഈടാക്കി ഇഷുറൻസ് പരിരക്ഷ ഉറപ്പാക്കും.
24	Animal Husbandry	താറാവ് കർഷകർക്കുള്ള പ്രശ്നങ്ങൾ ശാസ്ത്രീയമായി പഠിക്കുന്നതിനു കമ്മിറ്റി രൂപീകരിക്കും, കുട്ടികളിൽ താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടനാട് മേഖലയിലെ തിരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ പൗൾട്ടറി ക്ലബ് പദ്ധതി നടപ്പിലാക്കും
25	Animal Husbandry	ശാസ്ത്രീയ കന്നുകുട്ടി പരിപാലന പദ്ധതി (DSLBP-ഡിജിറ്റൽ ലൈവ്സ്റ്റോക്ക് ബ്രീഡിങ്ങ്) പത്തനംതിട്ട ജില്ലയിൽ പൂർത്തീകരിക്കും
26	AYUSH	ISM Mobile Application പുറത്തിറക്കൽ: State Collaboration Initiative (SCI)ന്റെ ഭാഗമായി ഫീൽഡ് ഡാറ്റ ശേഖരണത്തിനായി ഈ ആപ്ലിക്കേഷൻ പുറത്തിറക്കൽ.
27	AYUSH	LED Display TVകൾ സ്ഥാപിക്കൽ: 107 ആശുപത്രികളിൽ എൽ.ഇ.ഡി ടിവികൾ സ്ഥാപിക്കുന്ന പദ്ധതി.
28	AYUSH	Next Gen E-Hospital System: നിലവിലുള്ള എച്ച്.എം.ഐ.എസ് (HMIS) അധിഷ്ഠിത ഡിജിറ്റൽ ആശുപത്രി മാനേജ്മെന്റ് സംവിധാനം 50 അധിക സ്ഥാപനങ്ങളിലേക്ക് കൂടി വ്യാപിപ്പിക്കുന്ന പദ്ധതി.
29	AYUSH	കേരള ആയുർവേദ ഗവേഷണ കേന്ദ്രം കോട്ടക്കൽ വിവിധ പ്രവർത്തനങ്ങൾ - പി ജി ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം, മഴക്കാല രോഗ പ്രതിധിരോധവും ബോധവൽക്കരണവും, മെഡിക്കൽ ക്യാമ്പുകളും സ്പെഷ്യൽ ഒപി സംവിധാനവും, വയോജന ആരോഗ്യ രക്ഷാ വാർഡും ഗവേഷണവും, സ്കൂൾ വിദ്യാർത്ഥികൾക്കായുള്ള സമഗ്ര ആരോഗ്യ ബോധവൽക്കരണം, പുതിയ സ്പെഷ്യലിറ്റി ഒപി കൾ ആരംഭിക്കൽ
30	AYUSH	കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് പൂർണ്ണ പ്രവർത്തന സജ്ജമാക്കാൻ

31	AYUSH	തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം സർക്കാർ ആയുർവേദ ആശുപത്രിയിൽ കമ്പ്യൂട്ടഡ് റേഡിയോഗ്രാഫി (Computed Radiography) സംവിധാനം സ്ഥാപിക്കൽ.
32	AYUSH	നാഷണൽ ആയുഷ് മിഷൻ പദ്ധതിയുടെ ഭാഗമായി പണി പൂർത്തീകരിച്ച 10 ആശുപത്രി/ഡിസ്പെൻസറികളുടെ ഉദ്ഘാടനവും, തൊടുപുഴയിൽ ആരംഭിക്കുന്ന "ദൃഷ്ടി – ആയുർവേദത്തിലൂടെ സമഗ്ര നേത്രപരിചരണം (Complete Eye Care Through Ayurveda)" പദ്ധതിയുടെ ഉദ്ഘാടനവും.
33	AYUSH	പുതിയ കെട്ടിട നിർമ്മാണം: മലപ്പുറം ജില്ലയിലെ ഒളവട്ടൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിക്ക് പുതിയ കെട്ടിടം നിർമ്മിക്കൽ
34	AYUSH	ഭാരതീയ ചികിത്സാ വകുപ്പ് - വകുപ്പിന് കീഴിലുള്ള 25 സ്ഥാപനങ്ങളെ മുൻഗണനാടിസ്ഥാനത്തിൽ കണ്ടെത്തി മെഡിക്കൽ വെൽനസ് ടൂറിസം പദ്ധതി. ഇതിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുന്നതാണ് .
35	AYUSH	യോഗ ഹാൾ നിർമ്മാണം: ഇടുക്കി ജില്ലയിലെ കാന്തല്ലൂർ സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ യോഗ ഹാൾ നിർമ്മിക്കൽ.
36	AYUSH	സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് ഗുണമേന്മയുള്ള ഔഷധ സസ്യങ്ങളുടെ ഉൽപ്പാദനവും വിതരണവും - ഔഷധ കൃഷി വ്യാപനം, സ്കൂൾ ഔഷധ തോട്ടം നിർമ്മാണം
37	Backward Communities Development Department	100 ദിവസത്തിനുള്ളിൽ 16000 ഗുണഭോക്താക്കൾക്ക് 200 കോടി രൂപയുടെ വായ്പാ ധനസഹായം ലഭ്യമാക്കും.
38	Backward Communities Development Department	Micro Small & Medium Enterprises (MSME) രജിസ്ട്രേഷൻ ഉള്ള ഒബിസി വിഭാഗത്തിൽ ഉൾപ്പെട്ട വനിതാ സംരംഭകർക്ക് പരമാവധി 5 ലക്ഷം രൂപയുടെ വായ്പാ ധനസഹായം ആരംഭിക്കും. പലിശ തുക സർക്കാർ സബ്സിഡിയായി അനുവദിക്കും

39	Backward Communities Development Department	OBC, OEC വിദ്യാഭ്യാസ ആനുകൂല്യങ്ങളുടെ ഇതുവരെയുള്ള മുഴുവൻ കുടിശ്ശികയും 100 ദിവസത്തിനുള്ളിൽ കൊടുത്തു തീർക്കുന്നതാണ്.
40	Backward Communities Development Department	മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ അരുവാക്കോട് കുംഭാരനഗർ നവീകരണത്തിന്റെ (വഴി, വർക്ക് ഷെഡ്) ആദ്യഘട്ട പ്രവൃത്തികളുടെ പൂർത്തീകരണത്തിന്റെ ഉദ്ഘാടനവും 2-ാം ഘട്ട നിർമ്മാണ പ്രവൃത്തികളുടെ (കുടിവെള്ളം, വൈദ്യുതി) തുടക്കവും പാലക്കാട് ജില്ലയിലെ ആറുപുഴ കുംഭാരക്കോളനിയുടെ ആദ്യഘട്ട നവീകരണ പ്രവർത്തനങ്ങൾക്ക് അനുമതി നൽകും.
41	Backward Communities Development Department	സർവീസിൽ നിന്നും വിരമിച്ച ഒബിസി ന്യൂനപക്ഷ വിഭാഗത്തിൽ പെട്ട ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ പുതിയ വായ്പ പദ്ധതി ആരംഭിക്കും
42	Coastal Shipping and Inland Navigation	ജനറൽ പാർശ്വസംരക്ഷണം - തൈക്കടപ്പുറത്തെ ഉപ്പുവെള്ള കയറ്റം തടയൽ - ഒന്നാം ഘട്ടം - കാസർഗോഡ് ജില്ലയിലെ നീലേശ്വരം നഗരസഭയിൽ തൈക്കടപ്പുറം ഭാഗത്തെ വലത് കര സംരക്ഷണം - ജനറൽ സിവിൽ വർക്ക്
43	Co-operation	അംഗസമാശ്വാസ നിധി (MEMBER RELIEF FUND) - സഹകരണ അംഗ സമാശ്വാസ ഫണ്ടിൽ നിന്നും കൂടുതൽ അംഗങ്ങൾക്ക് ധനസഹായം നൽകും
44	Co-operation	ആശ്വാസ് 2026 -ഒറ്റ തവണ തീർപ്പാക്കൽ പദ്ധതി - പ്രാഥമിക സഹകരണ സംഘങ്ങൾ /ബാങ്കുകൾ എന്നിവിടങ്ങളിൽ നിലനിൽക്കുന്ന വർദ്ധിച്ച കുടിശ്ശിക കുറയ്ക്കുന്നതിനായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുന്നു

45	Co-operation	കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി - മാരക രോഗം ബാധിച്ചവർക്കടക്കം 6 മാസത്തിലധികം കുടിശ്ശിക ഉണ്ടായാൽ ആനുകൂല്യം നിഷേധിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഒഴിവാക്കിക്കൊണ്ട് കൂടുതൽ പേർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പരിഷ്കരിക്കും
46	Co-operation	മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് അവാർഡ് നൽകും - സംസ്ഥാനത്ത് മികച്ച രീതിയിൽ പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തെ അടിസ്ഥാനമാക്കി എല്ലാ വർഷവും അവാർഡ് നൽകി വരുന്ന പദ്ധതി അനുസരിച്ച് ഈ വർഷത്തെ അവാർഡ് അന്തർ ദേശീയ സഹകരണ ദിനമായി ആചരിക്കുന്ന ജൂലൈ മാസത്തെ ആദ്യ ശനിയാഴ്ച നൽകുന്നതാണ്
47	Co-operation	വിശ്വാസ് - സഹകരണ മേഖലയിൽ നിലനിൽക്കുന്ന നിക്ഷേപം മടക്കി നൽകാനാകാത്ത അവസ്ഥയ്ക്ക് പരിഹാരമായും നിക്ഷേപകരുടെ വിശ്വാസം സംരക്ഷിക്കുന്നതിനുമായി 'വിശ്വാസ്' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കും

48	Co-operation	സംസ്ഥാനത്തെ സഹകരണ മേഖലയിലെ പദ്ധതികളുടെ ഗുണനിലവാരം ഉയർത്തുന്നതിനും, സാമ്പത്തികമായി പ്രായോഗികവും സുസ്ഥിരവുമായ സംരംഭങ്ങൾ വികസിപ്പിക്കാനുമായി സഹകരണ സംഘം രജിസ്ട്രാറുടെ ഓഫീസിൽ ബാങ്കിംഗ്, ധനകാര്യ, മാനേജ്മെന്റ്, സഹകരണ മേഖലയിൽ നിന്നുള്ള പ്രഗത്ഭരായ പ്രൊഫഷണൽസ്സിന്റെ നേതൃത്വത്തിൽ സഹകരണ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും മെച്ചപ്പെട്ട Interns കളുടെ പിന്തുണയോടെ പദ്ധതികളുടെ സാങ്കേതിക സാധുത (Technical Viability), ധനകാര്യ സാധുത (Financial Feasibility) എന്നിവ പരിശോധിക്കാനും വിലയിരുത്താനുമായി Project incubation centre & supporting സംവിധാനം ഏർപ്പെടുത്തും
49	Co-operation	സഹകരണ വകുപ്പിലെ ഭരണ പരിഷ്കാരം: സഹകരണ മേഖലയെ അഴിമതി/ക്രമക്കേട്/പണാപഹരണം എന്നിവയിൽ നിന്നും മുക്തമാക്കുന്നതിനായി സഹകരണ നിയമം വകുപ്പ് 65, 66, 68 അന്വേഷണങ്ങളും പരിശോധനകളും ഊർജ്ജിതപ്പെടുത്തും. സർചാർജ്ജ് നടപടികൾ സമയ ബന്ധിതമായി പൂർത്തിയാക്കി ഉത്തരവാദികളിൽ നിന്നും ഈടാക്കേണ്ട തുക ഈടാക്കിയെടുക്കാൻ സത്വര നടപടികൾ സ്വീകരിക്കും. ഇതിനായി സഹകരണ സംഘം രജിസ്ട്രാർ തലത്തിൽ പ്രത്യേക മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തും. സഹകരണ വകുപ്പിൽ നടപ്പിലാക്കിയിട്ടുള്ള ഓൺലൈൻ ഇൻസ്പെക്ഷൻ മൊബൈൽ ആപ്ലിക്കേഷൻ (CIMA) യിൽ വിശദ പരിശോധനകൾ കൂടി ഉൾപ്പെടുത്തി വകുപ്പിന്റെ പരിശോധന സംവിധാനം പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്യും

50	Co-operation	സഹകരണ സംഘങ്ങളെ പുനരുദ്ധരിക്കും - കേരള സഹകരണ വികസന ക്ഷേമ ഫണ്ട് പദ്ധതിയിൽ ചേർന്നിട്ടുള്ളതും നിലവിൽ നിക്ഷേപം മടക്കി നൽകാൻ കഴിയാതെ സാമ്പത്തിക പ്രതിസന്ധിയിലായും സാമ്പത്തിക സഹായം നൽകിയാൽ പുനരുദ്ധരിക്കാൻ കഴിയുന്നതുമായ സംഘങ്ങൾക്ക് കേരള സഹകരണ വികസന ക്ഷേമ ഫണ്ട് ബോർഡ് വഴിയും സഹകരണ സംഘങ്ങളുടെ റിസർവ്വ് ഫണ്ട് ഉപയോഗിച്ച് രൂപീകരിച്ചിട്ടുള്ള പുനരുദ്ധാരണ ഫണ്ട് വഴിയും സാമ്പത്തിക സഹായം നൽകി പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സംഘങ്ങൾക്ക് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
51	Cultural Affairs	സാംസ്കാരിക സമുച്ചയം ശൃംഖല ആരംഭിക്കും
52	Cultural Affairs	സിനിമക്ക് ഔദ്യോഗിക വ്യവസായ പദവി
53	Cultural Affairs	സ്റ്റുഡന്റ്സ് ഫിലിം ഫെസ്റ്റിവൽ
54	Cultural Affairs	സ്റ്റുഡന്റ്സ് ഷോർട് ഫിലിം കോമ്പറ്റിഷൻ
55	Cultural Affairs (Archeology, Archives & Musuems)	കുമാരനാശാൻ ഭാവനത്തിൻറ്റെയും എഴുത്തുപുരയുടെയും സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരണം
56	Cultural Affairs (Archeology, Archives & Musuems)	കോഴിക്കോട് ആർട്ട് ഗ്യാലറി & കൃഷ്ണമേനോൻ മ്യൂസിയം പ്രദർശന സംവിധാനം നവീകരിക്കൽ ഉത്ഘാടനം
57	Cultural Affairs (Archeology, Archives & Musuems)	തിരുവനന്തപുരം മ്യൂസിയം മൃഗശാലയിലെ ചിൽഡ്രൻസ് പാർക്ക് നവീകരണ പദ്ധതി ഉത്ഘാടനം
58	Cultural Affairs (Archeology, Archives & Musuems)	മ്യൂസിയം മൃഗശാലയിലെ ഓഡിറ്റോറിയത്തിൽ എത്തുന്ന വയോധികർക്കും, ഭിന്നശേഷികാർക്കും ഉപയോഗിക്കുന്നതിനു വേണ്ടി സ്റ്റെയർ ലിഫ്റ്റ് സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്
59	Cultural Affairs (Archeology, Archives & Musuems)	വകുപ്പ് പ്രസിദ്ധീകരിക്കാൻ ഉദ്ദേശിക്കുന്ന Health in History എന്ന പുസ്തകത്തിന്റെ പ്രകാശനം

60	Cultural Affairs (Archeology, Archives & Musuems)	വിവിധ തരത്തിലുള്ള പുരാവശേഷിപ്പുകളാൽ സമ്പന്നമായ കാസർഗോഡ് ജില്ലയിലെ പുരാതത്വ സ്ഥാനങ്ങൾ സ്മാരകങ്ങൾ എന്നിവ സമഗ്രമായി അടയാളപ്പെടുത്തുന്നതിനുള്ള സർവ്വെ പ്രവർത്തനം ആരംഭിക്കൽ
61	Dairy Development Department	കാലിത്തീറ്റ, വൈക്കോൽ സബ്സിഡി ലഭിക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം വർധിപ്പിക്കും
62	Dairy Development Department	ക്ഷീരകർഷകരും, ക്ഷീരസഹകരണ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ടുകൊണ്ടു ക്ഷീരകർഷകർക്ക് ന്യായ വില ഉറപ്പാക്കുവാൻ ഏകീകൃത സോഫ്റ്റ്വെയർ സംവിധാനം നടപ്പാക്കും
63	Devaswom	ദേശീയപാത വികസനവുമായി ബന്ധപ്പെട്ട ഏറ്റെടുത്തിട്ടുള്ള ദേവസ്വം ഭൂമികളുടെ നഷ്ടപരിഹാരത്തുക ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കും.
64	Devaswom	മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും, കൂടുതൽ അധികാരം നൽകുന്നതിനും മറ്റു ദേവസ്വം ബോർഡുകൾക്ക് സമാനമാക്കാനും നിയമ നടപടി സ്വീകരിക്കും.
65	Disaster Management	കെ.എസ്.ഡി.എം.എയും, IIT Roppar മായി ചേർന്ന് 50 Automatic Weather Stations കേരളത്തിൽ സ്ഥാപിക്കും.
66	Disaster Management	കേരളത്തിലെ 9 തീരദേശ പഞ്ചായത്തുകളെ UNESCO യുടെ സുനാമി റെഡി പഞ്ചായത്ത് എന്ന സർട്ടിഫിക്കറ്റിന് പ്രാപ്തമാക്കി Indian National Centre for Ocean Information Services ന് ശുപാർശ ചെയ്യും.
67	Disaster Management	ബജറ്റിൽ വിഭാവനം ചെയ്തു സംസ്ഥാന റെസിലിയൻസ് പ്രോഗ്രാമിന്റെ ഭാഗമായി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ റെസിലിയൻസ് സെന്റർ സ്ഥാപിക്കാൻ സ്ഥലം കണ്ടെത്തും
68	Disaster Management	യുവ ആപ്ത മിത്ര പദ്ധതിയിൽ 10,000 NSS, NCC, MyBharat, Bharat Scouts and Guides വോളൻ്റിയർമാരെ പരിശീലിപ്പിക്കും.

69	Disaster Management	വയനാട് ജില്ലയിൽ 5 അധിക മുന്നറിയിപ്പ് സയറൺ സ്ഥാപിക്കുവാൻ സ്ഥലം നിർണ്ണയിക്കും
70	Disaster Management	വയനാട് ജില്ലയിൽ കെ.എസ്.ഡി.എം.എയും, കേന്ദ്ര കാലാവസ്ഥാ വകുപ്പുമായി ചേർന്ന് ഡോപ്ലർ റഡാർ സ്ഥാപിക്കും
71	Disaster Management	വയനാട് ജില്ലയിൽ കോട്ടത്തറ പഞ്ചായത്തിൽ വളർത്ത് മൃഗ ദുരിതാശ്വാസ കേന്ദ്രം സ്ഥാപിക്കുവാൻ എം.ഒ.യു ഒപ്പിടും
72	Electronics & Information Technology	AI, ക്വാണ്ടം കമ്പ്യൂട്ടിംഗ്, ബയോടെക്നോളജി ഉൾപ്പെടെ അത്യാധുനിക സാങ്കേതിക വിദ്യകളുടെ സാദ്ധ്യ തകൾ മുൻകൂട്ടി മനസ്സിലാക്കി ഉപയോഗപ്പെടുത്തുന്നതിന് Future Readiness Think Tank രൂപീകരിക്കും .
73	Electronics & Information Technology	AI Chatbot, K-AI ഉൾപ്പെടെ നിർമ്മിത ബുദ്ധിയും ഡിജിറ്റൽ സാങ്കേതിക വിദ്യകളും ഉപയോഗപ്പെടുത്തി ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കാനും പൗരന്മാർക്ക് മികച്ച സേവനം ലഭ്യമാക്കാനുമായി AI വെർട്ടിക്കൽ പ്രവർത്തനങ്ങൾ പൂർത്തിയാക്കും.
74	Electronics & Information Technology	Atal Established Incubation Center (EIC), തിരുവനന്തപുരം പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും
75	Electronics & Information Technology	AVGC-XR CoE-യുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ C-DIT-ന്റെ കീഴിൽ ആരംഭിക്കും
76	Electronics & Information Technology	Blockchain, Quantum Computing, AVGC, Drones, Robotics സാങ്കേതിക മേഖലയ്ക്കും Emerging Technology വെർട്ടിക്കൽ ആരംഭിക്കും.
77	Electronics & Information Technology	CERT-Kerala-ന്റെ നേതൃത്വത്തിൽ പൗരന്മാർക്കിടയിൽ സൈബർ സുരക്ഷ, ഡിജിറ്റൽ ബോധവൽക്കരണം എന്നിവ ഉറപ്പുവരുത്തുന്ന Safe Tech Campaign ആരംഭിക്കും
78	Electronics & Information Technology	Feeder Fund, Sector Specific Clusters എന്നിവ വഴി കേരളത്തിലെ സ്റ്റാർട്ടപ്പുകൾ യൂണികോൺ (1 Billion Dollar) ആയി ഉയരുന്നതിന് പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും.

79	Electronics & Information Technology	IndiaAI-ൽ നിന്ന് ഗ്രാന്റ് ലഭിച്ച Digital University Kerala-ലെയും Kerala Startup Mission-ലെയും AI Centre of Excellence (CoE) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും.
80	Electronics & Information Technology	SDPK (Skill Delivery Platform Kerala) വഴി AI, Cloud, Cybersecurity, Robotics, Blockchain എന്നിവയിൽ Industry Relevant Skill പരിശീലനം നൽകും
81	Electronics & Information Technology	Social Enterprises Promotion Program-ലൂടെ കമ്മ്യൂണിറ്റികളുടെ കൂട്ടായ ക്ഷേമത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്ന സോഷ്യൽ സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കും.
82	Electronics & Information Technology	State Unified Database സജ്ജമാക്കി Unified Registry ഔദ്യോഗികമായി ആരംഭിക്കും.
83	Electronics & Information Technology	ഇൻഫോപാർക്ക് Phase IV-ന്റെ ശിലാസ്ഥാപനത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും .
84	Electronics & Information Technology	ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പിനെ "Kerala Tech" എന്ന പുതിയ ബ്രാൻഡോടൊപ്പം "ഐ.ടി, ഫ്യൂച്ചർ ടെക്നോളജീസ് ആൻഡ് സ്റ്റാർട്ടപ്" വകുപ്പ് എന്ന് പുനർനാമകരണം പൂർത്തിയാക്കും. “Kerala Tech" പോർട്ടൽ ആരംഭിക്കും.
85	Electronics & Information Technology	ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ Translation Research and Incubation Centres (TRICK) സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും
86	Electronics & Information Technology	ഐ.ടി , ഐ.ടി .ഇ.എസ്. കമ്പനികൾക്ക് ഔദ്യോഗിക അംഗീകാരം നൽകുന്ന Affiliation Programme ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും .
87	Electronics & Information Technology	ഐ.ടി പാർക്കുകൾ കമ്പനിയാക്കുന്നത് ഉൾപ്പെടെ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും.
88	Electronics & Information Technology	ഐ.ടി മേഖലയിൽ വൻ കുതിച്ചുചാട്ടം ലക്ഷ്യമിട്ട്, സ്വകാര്യ മേഖലയുമായി ചേർന്ന് ഐ.ടി പാർക്കുകൾ സ്ഥാപിക്കുന്ന Private Tech Park Promotion Program ആരംഭിക്കും .

89	Electronics & Information Technology	ഐടി വകുപ്പും ഉന്നതവിദ്യാഭ്യാസ വകുപ്പും IBM ന്റെ സഹകരണത്തോടെ സോവറിൻ എ.ഐ. (Sovereign AI) വിഷയത്തെ ആസ്പദമാക്കി എ.ഐ. കോൺക്ലേവും എല്ലാ ജില്ലകളിലും എ.ഐ. ഹാക്കത്തോണുകളും സംഘടിപ്പിക്കും.
90	Electronics & Information Technology	കേരള എ.ഐ. ഗവേഷണ സ്ഥാപനം (KAIR) സ്ഥാപിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും
91	Electronics & Information Technology	കേരളത്തിലെ ഐ.ടി സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ സുഗമമാക്കുന്നതിന് കേരള ഐ.ടി ചട്ടങ്ങൾ പരിഷ്കരിക്കും . ആകർഷണീയമായ പ്രോത്സാഹനങ്ങളും ശക്തമായ പ്രചാരണ പ്രവർത്തനങ്ങളും വഴി നിക്ഷേപം ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും .
92	Electronics & Information Technology	കേരളത്തിൽ കൂടുതൽ അന്താരാഷ്ട്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾക്ക് (GCC) പ്രോത്സാഹനം നൽകാൻ നയരൂപീകരണം നടത്തും . Kerala GCC Consortiums, Kerala GCC Conclave നടത്താനുള്ള നടപടികൾ സ്വീകരിക്കും .
93	Electronics & Information Technology	കേരള സർക്കാരിന്റെ ഏകജാലക ഡിജിറ്റൽ ഗവേണൻസ് പ്ലാറ്റഫോമായ "നമ്മുടെ കേരളം " Phase 2 ഉദ്ഘാടനം ചെയ്യും .
94	Electronics & Information Technology	കേരള സ്റ്റേറ്റ് ഐ.ടി മിഷനെ "കേരള ഡിജിറ്റൽ ടെക്നോളജി മിഷൻ" എന്ന് പുനർനാമകരണം പൂർത്തിയാക്കും.
95	Electronics & Information Technology	ഗ്രാഫീൻ ഗവേഷണ-നവോന്മേഷ മേഖലയിൽ ഇന്ത്യയുടെ മുൻനിര കേന്ദ്രമായ India Innovation Centre for Graphene (IICG)-ലെ Clean Room ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യും
96	Electronics & Information Technology	ഗ്ലോബൽ കേപ്പബിലിറ്റി സെന്ററുകൾ കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ ലളിതമാക്കുന്ന ഒരു Boilerplate ചട്ടക്കൂട് പ്രകാശനം ചെയ്യും .
97	Electronics & Information Technology	ടെക്നോപാർക്കിൽ Prefab IT Building-ന്റെ ശിലാസ്ഥാപനത്തിനായുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭി ക്കും . ടെക്നോപാർക്ക് ഫേസ് IV ടി .സി .എസ്. പ്രവർത്തനം ആരംഭിക്കും .

98	Electronics & Information Technology	ടെക് മേഖലയിൽ നിക്ഷേപ പ്രോൽസാഹനത്തിനും സ്റ്റാർട്ടപ്പുകൾക്ക് Scale-up ഫിനാൻസിംഗ് ഉറപ്പ് വരുത്തുന്നതിനും The Future Corporation (TFC) പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും .
99	Electronics & Information Technology	ഡേറ്റ അധിഷ്ഠിത നിരീക്ഷണവും ഭരണനിർവ്വഹണവും ഉറപ്പ് വരുത്തുന്നതിന് മുഖ്യമന്ത്രിയുടെ ഡിജിറ്റൽ ഡാഷ്ബോർഡ് നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിക്കും
100	Electronics & Information Technology	നിർമ്മിത ബുദ്ധിയുടെ സഹായത്തോടെ ഡാറ്റാ അധിഷ്ഠിത ഭരണനിർവ്വഹണം സാക്ഷാത്കരിക്കുകയും പൗരന്മാർക്ക് കൂടുതൽ കാര്യക്ഷമവും സുതാര്യവുമായ സേവനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്യും.
101	Electronics & Information Technology	നിർമ്മിത ബുദ്ധി, റോബോട്ടിക്സ്, സൈബർ സെക്യൂരിറ്റി അടങ്ങുന്ന ഡീപ് ടെക്, ഹെൽത്ത് ടെക്, സ്മാർട്ട് ടൂറിസം, അഗ്രി-ടെക്, ഫുഡ്-ടെക്, ഗ്രീൻ ടെക് അടക്കം വിവിധ മേഖലകളിൽ Sector Specific Startup Clusters-ന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും.
102	Electronics & Information Technology	പൊതുജനങ്ങളുടെ വിവരങ്ങൾ സുരക്ഷിതമാക്കുന്നതിനും വിവര കൈമാറ്റം സുതാര്യമാക്കുന്നതിനും ഡേറ്റ എക്സ്ചേഞ്ച് പ്ലാറ്റ്ഫോം പ്രവർത്തനം സജ്ജമാക്കും . ഡേറ്റ നയം (State Data Policy) രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും .
103	Electronics & Information Technology	ബജറ്റിൽ പ്രഖ്യാപിച്ച "Industrial Zones" പദ്ധതിയുടെ ഭാഗമായി വിമാനത്താവളങ്ങൾക്ക് സമീപം ഭൂമി ഏറ്റെടുക്കുന്നതിൽ, ടെക്നോളജി കമ്പനികളെ യും GCC-കളെയും ആകർഷിക്കുന്നതിനായി ഭൂമി ടെക്നോളജിപാർക്കുകൾക്ക് ഏറ്റെടുക്കും .

104	Electronics & Information Technology	മലബാറിൽ ഐ.ടി വികസനത്തിനായി ഐ.ടി പാർക്കുകൾ നിർമ്മിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും . കോഴിക്കോട് സൈബർപാർക്കിനെ ലോകോത്തര നിലവാരമുള്ള അടുത്ത ഐ.ടി ഡെസ്റ്റിനേഷൻ ആക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരി ക്കും .
105	Electronics & Information Technology	മുനിസിപ്പൽ കോർപ്പറേഷനുകളുമായും നഗര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായും ചേർന്ന് ടെക്നോളജി പാർക്കുകൾ സ്ഥാപിക്കാനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും .
106	Electronics & Information Technology	വനിതാ സംരംഭകരെ സഹായിക്കാൻ സ്റ്റാർട്ടപ് മിഷനിൽ പ്രത്യേക സെൽ രൂപീകരിക്കും.
107	Electronics & Information Technology	സംസ്ഥാനത്തെ മികച്ച സ്റ്റാർട്ടപ്പ് സ്ഥാപനങ്ങൾക്ക് അന്താരാഷ്ട്ര തലത്തിൽ വിപണി കണ്ടെത്തുന്നതിന് സർക്കാർ സഹായം ലഭ്യമാക്കും
108	Electronics & Information Technology	സംസ്ഥാനത്ത് ലോകോത്തര എ.ഐ. ഡാറ്റാ സെന്ററർ ആരംഭിക്കാനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും
109	Electronics & Information Technology	സാങ്കേതിക വിദ്യയെയും ഇന്നോവേഷനെയും സാമ്പത്തിക വളർച്ചയുടെ മുഖ്യചാലകശക്തിയായി ഉപയോഗപ്പെടുത്തി , അനുയോജ്യമായ പ്രോത്സാഹനങ്ങളും ഊർജ്ജസ്വലമായ നിക്ഷേപ പ്രചാരണ പ്രവർത്തനങ്ങളും വഴി ആഗോള കമ്പനികളെ കേരളത്തിലേക്ക് ആകർഷിക്കും .
110	Electronics & Information Technology	സെമികണ്ടക്ടർ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് SEMICON Kerala-ന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കും
111	Electronics & Information Technology	സ്പേസ് പാർക്കിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ സ്വീകരിക്കും. തിരുവനന്തപുരം Space Park-ൽ ബഹിരാകാശ വ്യവസായ ഘടക നിർമ്മാണത്തിനുള്ള പ്രത്യേക സാമ്പത്തിക സോൺ ഏർപ്പെടുത്തും.

112	Electronics & Information Technology	സ്റ്റാർട്ടപ്പുകളിലെ നൂതന ആശയങ്ങൾക്ക് പേറ്റന്റ് ലഭ്യമാക്കുന്നതിന് കൂടുതൽ പ്രോത്സാഹനം നൽകി ദേശീയ തലത്തിൽ മികച്ചതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും
113	Electronics & Information Technology	സ്റ്റാർട്ടപ്പുകൾക്കുള്ള ആവശ്യമായ എല്ലാ വിവരങ്ങളും പിന്തുണയും ലഭിക്കുന്നതിന് സ്റ്റാർട്ടപ്പുകൾക്കുള്ള സിംഗിൾ പോയിന്റ് ഓഫ് കോൺടാക്റ്റ് (Startup portal) ഏർപ്പെടുത്തും
114	Environment	20 ജൈവ വൈവിധ്യ ക്ലബ്ബുകളിൽ "ഭക്ഷ്യയോഗ്യമായ വന്യ സസ്യങ്ങളുടെ തോട്ടം" പദ്ധതി പൂർത്തിയാക്കൽ
115	Environment	അന്തർ സംസ്ഥാന മാലിന്യ നീക്കം നിരീക്ഷിക്കുന്നതിനുള്ള ഓൺലൈൻ പോട്ടലായ E-tracks-ന്റെ പരിശീലനം സംഘടിപ്പിക്കൽ
116	Environment	എറണാകുളം ജില്ലയിലെ ലോവർ പെരിയാർ തടത്തിലെ മലിനീകരണ സ്രോതസ്സുകളുടെ വിലയിരുത്തൽ പഠനം GIS mapping പൂർത്തീകരണം
117	Environment	കാലാവസ്ഥാ വ്യതിയാന സംവാദ പരമ്പര
118	Environment	കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷന്റെ വെബ് സൈറ്റിന്റെ ഔദ്യോഗിക ഉദ്ഘാടനം
119	Environment	കേരള സംസ്ഥാന കാലാവസ്ഥ വ്യതിയാന അനുരൂപീകരണ മിഷന്റെ ലോഗോയുടെ ഔദ്യോഗിക പ്രകാശനം
120	Environment	കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷനിലെ അൻസാരി പാർക്കിൽ മിയാവാക്കി മാതൃകയിൽ സൂക്ഷ്മവന നിർമ്മാണം ആരംഭിക്കൽ
121	Environment	തിരുവനന്തപുരം, ഇടുക്കി ജില്ലകളിലെ ജൈവവൈവിധ്യ പ്രാധാന്യമുള്ള സ്പീഷീസുകളെ ജില്ലാതല ഔദ്യോഗിക സ്പീഷിസുകളായി പ്രഖ്യാപിക്കൽ
122	Environment	തിരുവനന്തപുരം ജില്ലയിലെ കടലിനടിയിലെ പ്രേതവലകൾ (Ghost nets) നീക്കം ചെയ്യലും സമുദ്ര ആവാസയിടങ്ങളുടെ പുനരുജ്ജീവനവും എന്ന പദ്ധതി

123	Environment	റെഡ് ലിസ്റ്റ് അസ്സെസ്സ്മെൻ്റ് ഓഫ് ഇക്കോ സിസ്റ്റംസ് പദ്ധതിയുടെ ആരംഭം
124	Finance	CMEDP പദ്ധതിയിലുള്ള പരമാവധി വായ്പാ പദ്ധതി 2 കോടി രൂപയിൽ നിന്നും 5 കോടി രൂപയായി വർദ്ധിപ്പിക്കുന്നതാണ് (KFC)
125	Finance	One Kerala കരുതൽ മിഷൻ
126	Finance	റബ്ബറിൻ്റെ താങ്ങുവില 250 രൂപയായി ഉയർത്തും
127	Fisheries	അക്വാകൾച്ചർ പുനരുജ്ജീവന പദ്ധതി - പ്രാരംഭ പ്രവർത്തനങ്ങൾ
128	Fisheries	ആലപ്പുഴ ടൈൻ ഫാക്ടറി - വാണിജ്യ ഉൽപ്പാദനത്തിന്റെ ഉദ്ഘാടനം
129	Fisheries	ആറാട്ടുപുഴയിൽ മത്സ്യത്തൊഴിലാളി കമ്മ്യൂണിറ്റി ഡെവലപ്മെന്റ് സെന്റർ സ്ഥാപിക്കൽ പൂർത്തീകരണം
130	Fisheries	ഇ-മൊബിലിറ്റി സ്കീം - മത്സ്യംവിൽക്കുന്ന സ്ത്രീകൾക്കുള്ള ഇലക്ട്രിക് സ്കൂട്ടർ സഹായ പദ്ധതി
131	Fisheries	ഇരവിപുരത്ത് മൾട്ടി പർപ്പസ് ഫിഷറീസ് സെന്റർ പൂർത്തിയാക്കും
132	Fisheries	എം.ഐ.എഫ്.പി നവീകരണ പ്രവർത്തനങ്ങൾ (ശിലാസ്ഥാപനം)
133	Fisheries	എൽ.എഫ്.വി.സി ബയോഫ്ളോക് , ബ്രാക്കിഷ് വാട്ടർ ഹാച്ചറി (കോട്ടയം)
134	Fisheries	എറണാകുളം ജില്ലയിലെ ചെല്ലാനം മൽസ്യബന്ധന തുറമുഖത്തിൽ അധിക അടിസ്ഥാന സൗകര്യങ്ങൾ
135	Fisheries	എറണാകുളം ഞാറക്കൽ മത്സ്യ മാർക്കറ്റ് നിർമ്മാണ പൂർത്തീകരണം
136	Fisheries	ഒരു കുടുംബം ഒരു സംരംഭം - 61 സംരംഭങ്ങൾ ആരംഭിക്കും
137	Fisheries	കാഞ്ഞിരപ്പള്ളിയിൽ പി.എം.എം.എസ്.വൈ ലൈവ് ഫിഷ് വെൻഡിംഗ് സെന്റർ
138	Fisheries	കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ മൽസ്യബന്ധന തുറമുഖത്തിൻ്റെ നവീകരണം ആരംഭ പ്രവർത്തനങ്ങൾ
139	Fisheries	കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം മൽസ്യബന്ധന തുറമുഖത്തിൻ്റെ വികസനം
140	Fisheries	കിളിമാനൂർ പഴയകുന്നുമ്മലിൽ ഐസ് പ്ലാന്റ് 30T (പി.എം.എം.എസ്.വൈ)
141	Fisheries	കേരളം - 50 യൂണിറ്റുകൾക്ക് റിവോൾവിംഗ് ഫണ്ട് നൽകും

142	Fisheries	കൊല്ലം ജില്ലയിലെ തങ്കശ്ശേരി മൽസ്യബന്ധന തുറമുഖത്തിൽ അധിക സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവൃത്തികൾ
143	Fisheries	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മൽസ്യബന്ധന തുറമുഖത്തിൻറെ നവീകരണവും ആധുനികവൽക്കരണവും
144	Fisheries	കോഴിക്കോട് ജില്ലയിലെ കൊയിലാണ്ടി മൽസ്യബന്ധന തുറമുഖത്തിൽ അധിക ബെർത്തിങ് ആൻഡ് ലാൻഡ് സൈഡ് സൗകര്യങ്ങൾ ആരംഭ പ്രവർത്തനങ്ങൾ
145	Fisheries	കോഴിക്കോട് ജില്ലയിലെ പുതിയാപ്പ മൽസ്യബന്ധന തുറമുഖത്തിൻറെ നവീകരണവും ആധുനികവൽക്കരണവും
146	Fisheries	കോഴിക്കോട് ജില്ലയിലെ വെള്ളയിൽ മൽസ്യബന്ധന തുറമുഖത്തിൽ അധിക ബെർത്തിങ് ആൻഡ് ലാൻഡ് സൈഡ് സൗകര്യങ്ങൾ ആരംഭ പ്രവർത്തനങ്ങൾ
147	Fisheries	ചെല്ലാനം എഫ്.എച്ച്.സി-യിൽ മത്സ്യത്തൊഴിലാളികൾക്കായി എമർജൻസി ട്രീറ്റ്മെന്റ് ആൻഡ് റെസ്ക്യൂ ബ്ലോക്കും ടോയ്ലറ്റ് ബ്ലോക്കും നിർമ്മാണ പൂർത്തീകരണം
148	Fisheries	ഞാറക്കൽ മത്സ്യ ഫാം — ലൈവ് ഫിഷ് വെൻഡിംഗ് സെന്റർ
149	Fisheries	താനൂർ മത്സ്യബന്ധന ഗ്രാമത്തിൽ കോൾഡ് സ്റ്റോറേജ് സൗകര്യം പൂർത്തിയാക്കും
150	Fisheries	തിരുവനന്തപുരം ജില്ലയിലെ വിഴിഞ്ഞം സാമൂഹികാരോഗ്യ കേന്ദ്രത്തിൽ പുതിയ ഐ പി ബ്ലോക്കിൻറെ നിർമ്മാണം (First Phase)
151	Fisheries	തീരസംരക്ഷണ ഭിത്തി (പുത്തൻതോപ്പ്, പൂവാർ, വർക്കല)
152	Fisheries	തൃശ്ശൂർ ജില്ലയിലെ അഴീക്കോട് ഫിഷ് ലാൻഡിംഗ് സെൻറ്ററിൻറെ നിർമ്മാണം ആരംഭ പ്രവർത്തനങ്ങൾ
153	Fisheries	തൃശ്ശൂർ ജില്ലയിലെ മുനയ്ക്കക്കടവ് മൽസ്യബന്ധന തുറമുഖത്തിൽ അധിക ബെർത്തിങ് ആൻഡ് ലാൻഡ് സൈഡ് സൗകര്യങ്ങൾ ആരംഭ പ്രവർത്തനങ്ങൾ

154	Fisheries	ധർമ്മടത്ത് പി.എച്ച്.സി (തീരദേശ വികസന കോർപ്പറേഷൻ)
155	Fisheries	നായരമ്പലത്ത് എഫ്.എൽ.സി-യും അനുബന്ധ അടിസ്ഥാന സൗകര്യങ്ങളും ടോയ്‌ലറ്റ് ബ്ലോക്കും പൂർത്തീകരണം
156	Fisheries	നായരമ്പലത്ത് മൾട്ടി പർപ്പസ് യൂട്ടിലിറ്റി സെന്റർ നിർമ്മാണ പൂർത്തീകരണം
157	Fisheries	നീണ്ടകര മൽസ്യബന്ധന തുറമുഖത്തിൻറ്റെ ശക്തികുളങ്ങര ഭാഗത്തിൻറ്റെ വികസനവും നവീകരണവും
158	Fisheries	നീണ്ടകര മൽസ്യബന്ധന തുറമുഖത്തിൽ നിലവിലുള്ള സൗകര്യങ്ങളുടെ പരിപാലനവും അധിക അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും
159	Fisheries	നൈപുണി പരിശീലനം - 10 പരിശീലനങ്ങൾ പൂർത്തിയാക്കും
160	Fisheries	പത്തനംതിട്ട - ഫിഷ് വെൻഡിംഗ് കിയോസ്ക്
161	Fisheries	പത്തനംതിട്ട - ലൈവ് ഫിഷ് വെൻഡിംഗ് സെന്റർ
162	Fisheries	പീലിംഗ് ഷെഡ് തൊഴിലാളികളുടെ ക്ഷേമം - കമ്മിറ്റി റിപ്പോർട്ട് സമർപ്പണം
163	Fisheries	പൂന്തുറ മൽസ്യ മാർക്കറ്റ് നിർമ്മാണ പൂർത്തീകരണം
164	Fisheries	പൊന്നാനി മത്സ്യബന്ധന ഗ്രാമത്തിൽ കോൾഡ് സ്റ്റോറേജ് സൗകര്യം പൂർത്തിയാക്കും
165	Fisheries	ബ്ലൂ ഇക്കോണമി സെൽ സ്ഥാപിക്കുന്നതിനുള്ള ആരംഭ പ്രവർത്തനങ്ങൾ
166	Fisheries	മലപ്പുറം ജില്ലയിലെ താനൂർ മൽസ്യബന്ധന തുറമുഖത്തിൽ അധിക ബെർത്തിങ് ആൻഡ് ലാൻഡ് സൈഡ് സൗകര്യങ്ങൾ ആരംഭ പ്രവർത്തനങ്ങൾ
167	Fisheries	മലപ്പുറം ജില്ലയിലെ പൊന്നാനി മൽസ്യബന്ധന തുറമുഖത്തിൻറ്റെ നവീകരണവും ആധുനികവൽക്കരണവും
168	Fisheries	മലപ്പുറം ജില്ലയിലെ പൊന്നാനി മൽസ്യബന്ധന തുറമുഖത്തിൽ അധിക ബെർത്തിങ് ആൻഡ് ലാൻഡ് സൈഡ് ഫെസിലിറ്റി ആരംഭ പ്രവർത്തനങ്ങൾ

169	Fisheries	മൽസ്യ തൊഴിലാളി സ്ത്രീകളുടെ ഉപജീവന സുരക്ഷ ഉറപ്പാക്കുന്നതിനായുള്ള ജെ.എൽ.ജി യൂണിറ്റ്
170	Fisheries	മാലിപ്പുറം മത്സ്യ ഫാം — ലൈവ് ഫിഷിങ് സെന്റർ
171	Fisheries	മൈക്രോ യൂണിറ്റുകളുടെ വികസനം - 60 യൂണിറ്റുകൾ ഉദ്ഘാടനം
172	Fisheries	വിള ഇൻഷുറൻസ് - പ്രാരംഭ പ്രവർത്തനങ്ങൾ
173	Fisheries	വെളിയങ്കോട് ഹാച്ചറി ഉത്ഘാടനം
174	Fisheries	ഷിറിയ മത്സ്യബന്ധന ഗ്രാമത്തിലെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് 10 ഫിഷ് വെൻഡിംഗ് കിയോസ്കുകളുടെ വിതരണം
175	Fisheries	ഷിറിയ മത്സ്യബന്ധന ഗ്രാമത്തിൽ ഒ.ബി.എം റിപ്പയർ സെന്റർ സ്ഥാപിക്കൽ
176	Food & Civil Supplies & Legal metrology	100 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓട്ടോറിക്ഷ ഫെയർ മീറ്റർ വെരിഫിക്കേഷൻ ക്യാമ്പുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്
177	Food & Civil Supplies & Legal metrology	ഉന്നതികളിൽ സഞ്ചരിക്കുന്ന റേഷൻ കടകൾ കൂടുതൽ മേഖലകളിലേക്ക് വ്യാപിപ്പിക്കുന്നതാണ്.
178	Food & Civil Supplies & Legal metrology	നിലവിലുള്ള 6 മാവേലി സ്റ്റോറുകളെ സൂപ്പർ സ്റ്റോറുകളായും 2 മാവേലി സ്റ്റോറുകളെ സൂപ്പർ മാർക്കറ്റുകളായും അപ്ഗ്രേഡ് ചെയ്യുന്നതിനും കൊച്ചിയിലോ തിരുവനന്തപുരത്തോ 1 കൺവീനിയൻറ് സ്റ്റോർ പൈലറ്റ് പ്രോജക്ട് ആയി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്
179	Food & Civil Supplies & Legal metrology	പുതിയതായി 1000 കൺസ്യൂമർ ക്ലബുകൾ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
180	Food & Civil Supplies & Legal metrology	മുൻഗണനാവിഭാഗത്തിൽ 100 ദിവസം കൊണ്ട് 50000 റേഷൻ കാർഡുകൾ അനുവദിക്കുന്നതാണ്.
181	Forest & Wild Life	കാട്ടുപന്നി നിയന്ത്രണ പ്രവർത്തനങ്ങൾ
182	Forest & Wild Life	കേരളത്തിൻറെ മനുഷ്യ വന്യജീവി സംഘർഷം ഫലപ്രദമായി നേരിടാൻ നിയമ ഭേദഗതി

183	Forest & Wild Life	ഡിജിറ്റൽ ജനസേവന പദ്ധതികൾ നടപ്പിലാക്കും
184	Forest & Wild Life	ദ്രുതകർമ്മ സേനകളുടെ ശാക്തീകരണം
185	Forest & Wild Life	നാട്ടാന പരിപാലനം
186	Forest & Wild Life	പഞ്ചായത്ത് തല പ്രാദേശിക റെസ്പോൺസസ് ടീം
187	Forest & Wild Life	മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിനായി ലാൻഡ്സ്കേപ്പ് തല ആസൂത്രണവും പ്രത്യേക പാക്കേജുകളും
188	Forest & Wild Life	മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രതിരോധ നടപടികൾ
189	Forest & Wild Life	മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഉപദേശകസമിതി
190	Forest & Wild Life	വനം കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനായി ഡിവിഷൻ തല അദാലത്തുകൾ
191	Forest & Wild Life	വന പുനരുദ്ധാരണവും ജൈവ വൈവിധ്യ സംരക്ഷണവും
192	Forest & Wild Life	വന്യജീവികളുടെ വാഹകശേഷി നിർണ്ണയം
193	Forest & Wild Life	വന്യജീവി നഷ്ട പരിഹാര പരിഷ്കരണം
194	Forest & Wild Life	വന്യജീവി മുന്നറിയിപ്പ് സംവിധാനം
195	Forest & Wild Life	സാമൂഹിക വനവൽക്കരണവും വന സംരക്ഷണ ബോധവൽക്കരണ പരിപാടികളും
196	General Education	അകാഫിറ്റ് - തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ സ്കൂൾ കുട്ടികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കും.
197	General Education	എറൈസ് (ARISE) - ഹൈസ്കൂളുകളിൽ Advanced Robotic ലാബുകളുടെ പ്രവർത്തനം സജ്ജമാക്കൽ
198	General Education	കിരണം - ഭിന്നശേഷി നിയമനത്തിനായി നിശ്ചിത തസ്തികകൾ മാറ്റി വെച്ചിട്ടുള്ള എല്ലാ മാനേജ്മെന്റുകൾക്കും കിഴിലുള്ള എയ്ഡഡ് സ്കൂൾ അദ്ധ്യാപക നിയമനങ്ങൾക്ക് അംഗീകാരം നൽകാൻ നടപടി സ്വീകരിക്കും.

199	General Education	കൂടെ - സീറോ ഡ്രോപ്പ് ഔട്ട് മിഷൻ : കുട്ടികളുടെ കൊഴിഞ്ഞുപോക്ക് പൂർണ്ണമായി ഇല്ലാതാക്കുക. സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന മേഖലകൾക്ക് പ്രത്യേക പദ്ധതികൾ.
200	General Education	ഗണിത ഭാഷാ പോഷണം - റിവൈവ് : എല്ലാ LP/UP സ്കൂളുകളിലും അടിസ്ഥാന ഗണിതം, മലയാളം, ഇംഗ്ലീഷ് പഠന കളരികൾ സജ്ജമാക്കൽ.
201	General Education	ഡിജിറ്റൽ സ്കൂയർ - പ്രൈമറി സ്കൂളുകളിൽ ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെയുള്ള സ്വയംപഠന പൊതുവിടം സജ്ജീകരിക്കുന്ന പദ്ധതി.
202	General Education	താരാപഥം - ഓരോ ക്ലാസിലും കുട്ടികൾ നേടിയിരിക്കേണ്ട അക്കാദമിക മികവും നൈപുണികളും ഉറപ്പാക്കുന്നതോടൊപ്പം സ്കൂളുകളുടെ അക്കാദമിക പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തും .
203	General Education	മധുരിതം - ഏകാധ്യാപക വിദ്യാലയങ്ങൾക്ക് എൽ പി സ്കൂൾ പദവി നൽകും.
204	General Education	മുകുളം - പ്രവേശന പരീക്ഷാ പരിശീലനത്തിന് അവസരസമത്വം : വിവിധ വിഷയങ്ങളുടെ പഠനത്തോടൊപ്പം എൻട്രൻസ് പരീക്ഷകൾക്ക് വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്നതിന് AI സാധ്യതകൾ പ്രയോജനപ്പെടുത്തിയ പോർട്ടൽ സൗകര്യം സജ്ജമാക്കും.
205	General Education	ലീഡ് - പ്രാദേശിക ആവശ്യകത പരിഗണിച്ച് ആവശ്യമായ പഠനം നടത്തി ഹയർ സെക്കൻഡറി ബാച്ചുകൾ അനുവദിക്കും
206	General Education	സാരഥി - ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾ, പഠനവൈകല്യമുള്ളവർ എന്നിവർക്കായി സമഗ്ര അക്കാദമിക-ആരോഗ്യ വികസന നയം നടപ്പിലാക്കും.

207	General Education	സുപഥം - NO TO DRUGS : വിദ്യാലയങ്ങളും സമീപ പ്രദേശങ്ങളും 100% ലഹരി വിൽപന വിരുദ്ധ മേഖലകളാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കും.
208	General Education	സ്കൂൾ എക്സലൻസ് അവാർഡ് - പൊതു വിദ്യാഭ്യാസം മെച്ചപ്പെടുത്താൻ സ്കൂൾ ഓഫ് എക്സലൻസ് അവാർഡുകൾ ആരംഭിക്കും
209	General Education	സ്കൂൾ കായിക മിത്രം - വിദ്യാർത്ഥികൾക്ക് കായികക്ഷത ഉറപ്പുവരുത്തുന്നതിനും അഭിരുചി വളർത്തുന്നതിനും പ്രൈമറി, സെക്കൻഡറി, ഹയർ സെക്കൻഡറി തലങ്ങളിൽ കായിക ഉപകരണങ്ങൾ വിതരണം ചെയ്യും.
210	General Education	സ്കൂൾ വിക്കിത്തോൺ - സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളുടെ സമഗ്ര വിവരങ്ങൾ പൊതു സഞ്ചയത്തിൽ പ്രദർശിപ്പിക്കാനുള്ള സ്കൂൾ വിക്കി (SchoolWiki.in) അപ്ഡേഷൻ യജ്ഞം
211	General Education	റിസോൾവ് - പൊതുവിദ്യാഭ്യാസ മേഖലയിൽ ദീർഘകാലമായി പരിഹരിക്കപ്പെടാതെ നിലനിൽക്കുന്ന നിയമനം, സേവന-വേതനം, അംഗീകാരം തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പ്രശ്നപരിഹാര സർവീസ് ക്ലിനിക്കുകൾ സംഘടിപ്പിക്കും.
212	Health & Family Welfare	5 പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾക്കും 4 സാമൂഹിക ആരോഗ്യ കേന്ദ്രങ്ങൾക്കും 2 നഗര ആരോഗ്യ കേന്ദ്രങ്ങൾക്കും 2 കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കും പുതിയ മന്ദിരങ്ങൾ നിർമ്മിക്കും.
213	Health & Family Welfare	Bed രോഗിയുടെ അവകാശം - സർക്കാർ ആശുപ്രതികളിൽ എത്തുന്ന രോഗികൾക്ക് ബെഡ് അവരുടെ അവകാശമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കും
214	Health & Family Welfare	Cancer treatment-ന് futurestic treatment facility നടപ്പിലാക്കുന്നതിനുള്ള പഠനം നടത്തും.

215	Health & Family Welfare	Coastal Health - വിവിധ വകുപ്പുകളുമായി co-ordinate ചെയ്ത് coastal areas ലെ ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ ചുമതലപ്പെടുത്തും. പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ Comprehensive Coastal Health പ്രോഗ്രാമിനുള്ള action plan തയ്യാറാക്കും
216	Health & Family Welfare	Completion of isolation wards in 10 Hospitals
217	Health & Family Welfare	Comprehensive Haemophilia Unit - മെഡിക്കൽ കോളജുകളിൽ വെല്ലൂർ CMCമോഡൽ കോമ്പ്രെഹെൻസീവ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ ആരംഭിക്കാം. ഇതിൽ കോട്ടയം മെഡിക്കൽ കോളേജിൽ ആദ്യ യൂണിറ്റ് 100 ദിനത്തിൽ ആരംഭിക്കും
218	Health & Family Welfare	Health check-up for BPL families for NCD - സംസ്ഥാനത്തെ എല്ലാ BPL കുടുംബങ്ങളുടെയും NCD screening നുള്ള Health check-up പൂർത്തീകരിക്കും.
219	Health & Family Welfare	Healthy Ageing Programme - നിലവിലുള്ള പാലിയേറ്റീവ് കെയർ, ജെറിയാട്രിക് കെയർ പദ്ധതികൾ sub-componentsആയി മോഡിഫൈ ചെയ്തും, ഒരു സമഗ്ര healthy ageing പദ്ധതി – (പുതിയ പേര് നൽകാവുന്നതാണ്) എന്ന പേരിൽ നടപ്പിലാക്കുന്നതാണ്. ഈ programme ന്റെ ആക്ഷൻ പ്ലാൻ തയ്യാറാക്കി പ്രസിദ്ധീകരിക്കും
220	Health & Family Welfare	Safe food in all Government institutions - എല്ലാ സർക്കാർ വക Homes ന്റെയും (Childrens home, Old-age Homes, Mahilamandirams), W&C Department ന്റെ അംഗനവാടികൾ, പൊതു വിദ്യാഭ്യാസ വകുപ്പിന്റെ Mid-day meal programmes ഇവയുടെ menu quality & safety ഉറപ്പാക്കുന്നതിന് Food safety commissionerate ന്റെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും
221	Health & Family Welfare	Total Health Campaign -Ernakulam - എറണാകുളം ജില്ലയിൽ പൊതുജനാരോഗ്യ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും campaign നടത്തുന്നതിനുമുള്ള action plan തയ്യാറാക്കി , campaign launch ചെയ്യുന്നതാണ്.

222	Health & Family Welfare	Zero 'Preventable' Maternal & Child Deaths - മാതൃശിശു മരണ നിരക്കുകളുടെ കാര്യത്തിൽ ഇന്ത്യയിലെ best index ആണ് കേരളത്തിന്റേത് Zero preventable maternal & child deaths എന്ന standared കൈവരിക്കുന്നതിന് ബൃഹത്തായ action plan തയ്യാറാക്കും
223	Health & Family Welfare	ഉമ്മൻചാണ്ടി ആരോഗ്യ ഇൻഷുറൻസ് പദ്ധതി - നിലവിലുള്ള എല്ലാ ചികിത്സാ സഹായ പദ്ധതികളും ആരോഗ്യ ഇൻഷുറൻസ് പദ്ധതികളും സംയോജിപ്പിച്ച് കൊണ്ട് സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് ചികിത്സ പദ്ധതിയായ ഉമ്മൻചാണ്ടി കാരുണ്യ ചികിത്സ പദ്ധതി നടപ്പാക്കുന്നതിന് വേണ്ടിയുള്ള സമഗ്ര രൂപരേഖ തയ്യാറാക്കുന്നതാണ്.
224	Health & Family Welfare	എല്ലാ ജില്ലാ ആശുപത്രികളിലും മൾട്ടി ഡിസ്സിപ്ലിനറി ട്യൂമർ ബോർഡ് (with existing staf) സ്ഥാപിക്കും
225	Health & Family Welfare	ഏകാരോഗ്യം (one health) to all districts - നിലവിൽ നാല് ജില്ലകളിൽ മാത്രം നടപ്പിലാക്കിവരുന്ന എകാരോഗ്യം പദ്ധതി 10 ജില്ലകളിൽ കൂടി വ്യാപിപ്പിച്ച് കേരള വൺ ഹെൽത്ത് പദ്ധതിയായി വികസിപ്പിക്കുന്നതിനായി ലോക ബാങ്ക് സഹായം തേടും. ഇതിലൂടെ ജന്തുജന്യ രോഗങ്ങളും മറ്റു പകർച്ച വ്യാധികളും നിരീക്ഷിക്കുന്നതിനും നിയന്ത്രിക്കുന്നതിനും മറ്റു വകുപ്പുകളുടെ സഹായത്തോടു കൂടി സാധ്യമാകുന്നതാണ്.
226	Health & Family Welfare	കാത്ത് ലാബ് (Cath Lab), താലൂക്ക് ആശുപത്രി, അടിമാലി ഉത്ഘാടനം
227	Health & Family Welfare	കേരള സെന്റർ ഫോർ ഡിസീസ് കൺട്രോൾ & പ്രിവൻഷൻ (K-CDC) പൂർണ്ണ പ്രവർത്തനസജ്ജമാക്കൽ
228	Health & Family Welfare	ക്യാൻസർ പ്രതിരോധം - സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ ക്രമാതീതമായ വർദ്ധനവിനെകുറിച്ച് പഠിച്ച് , പരിഹാരം നിർദ്ദേശിക്കുവാൻ ശാസ്ത്രജ്ഞരും, വൈദ്യശാസ്ത്ര വിദഗ്ധരും ഉൾപ്പെടുന്ന ഒരു ഉന്നതതല വിദഗ്ധ സമിതിരൂപീകരിക്കും.

229	Health & Family Welfare	ട്രൈബൽ ഹെൽത്ത്- Healthy Wayanad - ആദിവാസി മേഖലയിലെ ജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി expert report തയ്യാറാക്കും. Healthy Wayanad Campaign' തുടക്കം കുറിയ്ക്കും
230	Health & Family Welfare	പാമ്പ് കടിയേറ്റുള്ള മരണം തടയാൻ പ്രത്യേക പദ്ധതി - സംസ്ഥാനത്തെ സ്നേക് ബൈറ്റ് ആക്ഷൻ പ്ലാൻ പരിശോധിച്ച് അംഗീകാരം നൽകും.
231	Health & Family Welfare	പൊതു ജനാരോഗ്യ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് വേണ്ടി 123 ജനകീയ ആരോഗ്യകേന്ദ്രങ്ങൾക്ക് പുതിയ മന്ദിരത്തിന്റെ നിർമ്മാണമാരംഭിക്കും
232	Health & Family Welfare	പൊതുജനാരോഗ്യം (രോഗ പ്രതിരോധം,) - പൊതുജനാരോഗ്യ നിയമത്തിലെ വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപന അടിസ്ഥാനത്തിൽ പരിശോധനകളും തുടർനടപടികൾ സ്വീകരിക്കുന്നതിനും കമ്മ്യൂണിറ്റി ഹെൽത്ത് സ്കാഡുകളുടെ പ്രവർത്തനങ്ങൾ monitor ചെയ്യുന്നതിന് Supervisory Committee രൂപീകരിക്കുന്നതാണ്.
233	Health & Family Welfare	ബേൺസ് യൂണിറ്റ്, മെഡിക്കൽ കോളേജ്, കോഴിക്കോട്., ഉത്ഘാടനം
234	Health & Family Welfare	മാനസികാരോഗ്യ ചികിത്സ വിപുലീകരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കും.
235	Health & Family Welfare	വിവിധ വകുപ്പുകളുടെ (LSGD, Animal Husbandary, Food & Civil Supplies , Food Safety Commissionerate, Women & Child Development) co-ordination ഉറപ്പാക്കി പൊതുജനാരോഗ്യ പ്രവർത്തികൾ ഏകോപിപ്പിയ്ക്കും.
236	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, എറണാകുളം - ക്രിട്ടിക്കൽ കെയർ ബ്ലോക്ക് പൂർത്തീകരണം
237	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, കണ്ണൂർ - 1.5 ടെസ്ല എംആർഐ സ്ഥാപിക്കൽ

238	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, കോട്ടയം - മജ്ജ മാറ്റിവയ്ക്കൽ യൂണിറ്റ് സ്ഥാപിക്കുന്നതിനായുള്ള കെട്ടിട നിർമ്മാണത്തിന്റെ ശിലാസ്ഥാപനം. സർജിക്കൽ ബ്ലോക്കിൽ പിക്ചർ ആർക്കൈവിംഗ് ആൻഡ് കമ്മ്യൂണിക്കേഷൻ സിസ്റ്റംസ് (PACS) ഉദ്ഘാടനം
239	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, കോന്നി - ലാപ്രോസ്കോപ്പിക് സിസ്റ്റം സ്ഥാപിക്കൽ.
240	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, കോഴിക്കോട് - ബിഎസ്എൽ III ലാബ് (BSL III Lab) പൂർത്തീകരണം, പൊള്ളൽ ചികിത്സാ യൂണിറ്റ് (Burns Unit) സജ്ജീകരണം.
241	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, തിരുവനന്തപുരം - പെറ്റ് സിടി (PET CT) സ്ഥാപിക്കൽ & പുതിയ എംആർഐ സ്ഥാപിക്കൽ
242	Health & Family Welfare	സർക്കാർ മെഡിക്കൽ കോളേജ്, തൃശ്ശൂർ - സമഗ്ര സ്ട്രോക്ക് കെയർ യൂണിറ്റ് ഉദ്ഘാടനം, 1.5 ടെസ്ല എംആർഐ ഉദ്ഘാടനം
243	Health & Family Welfare	സ്റ്റുഡന്റ്സ് ഹെൽത്ത് കേഡറ്റ്സ് പദ്ധതി - ഹയർ സെക്കന്ററി കോളേജ് വിദ്യാർത്ഥികളുടെ ഇടയിൽ ആരോഗ്യ സംരക്ഷണം, ലഹരി വിമുക്ത പ്രവർത്തനങ്ങൾ, സുരക്ഷിത ഭക്ഷണ ശീലങ്ങൾ എന്നിവ ഉറപ്പാക്കുന്നതിന് വേണ്ടി സ്റ്റുഡന്റ്സ് ഹെൽത്ത് കേഡറ്റ് എന്ന പേരിൽ ഒരു സന്നദ്ധ കൂട്ടായ്മ രൂപീകരിക്കും. പൊതു ജനാരോഗ്യ പ്രവർത്തനങ്ങളിൽ ഇത് വഴി പുതു തലമുറയുടെ സാന്നിധ്യം ഉറപ്പാക്കും
244	Higher Education	FYUGP സംബന്ധിച്ച പരിഷ്കരണ നടപടികൾ (Corrective steps on FYUGP)
245	Higher Education	അന്താരാഷ്ട്ര തൊഴിൽ മാർക്കറ്റിൽ ജോലിയുടെ സ്വഭാവം മാറിക്കൊണ്ടിരിക്കുകയാണ്. മാറുന്ന ജോലിയുടെ സ്വഭാവം പഠിക്കാനും, അതിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാറ്റങ്ങൾ വരുത്താനും വിദഗ്ധർ അടങ്ങുന്ന “ജോബ് വാച്ച് ടവർ” രൂപീകരിക്കും.
246	Higher Education	ഇന്റേണൽ വിജിലൻസ് പോർട്ടൽ

247	Higher Education	കാമ്പസിൽ വ്യവസായം - വിദ്യാർത്ഥികൾക്ക് പ്രായോഗിക പരിശീലനം നൽകുന്നതിനായി IHRD കോളേജുകളിൽ 'സമ്പാദിക്കുക, പഠിക്കുക' (Earn and learn) പദ്ധതി വ്യാപിപ്പിക്കുന്നു. നൈപുണ്യ വികസനം, ഇൻ്റേൺഷിപ്പുകൾ എന്നിവയ്ക്കായി പ്രൊഡക്ഷൻ യൂണിറ്റുകൾ സ്ഥാപിക്കും.
248	Higher Education	കാർബൺ ന്യൂട്രൽ കാമ്പസ് - IHRD കാമ്പസുകളിൽ സോളാർ പാനലുകളും എനർജി മോണിറ്ററിംഗ് സിസ്റ്റങ്ങളും വഴി കാർബൺ ന്യൂട്രൽ കാമ്പസുകൾ നിർമാണം ആരംഭിക്കും.
249	Higher Education	കേരളത്തിലെ ഉന്നതവിദ്യാഭ്യാസ വിഭവങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഒരു സംവിധാനമായി 'കേരള ഹയർ എഡ്യൂക്കേഷൻ ഡാഷ്ബോർഡ്' വികസിപ്പിക്കും. കൂടാതെ, പ്രതിസന്ധിയിലാകുന്ന വിദ്യാർത്ഥികൾക്ക് അധികൃതരെ വിവരമറിയിക്കാനും കൗൺസിലിംഗും പോലീസ് സഹായവും ഉൾപ്പെടെയുള്ളവ തേടാനുമായി 'സിദ്ധാർത്ഥൻ ആപ്ലിക്കേഷൻ' രൂപീകരിക്കും
250	Higher Education	കേരളത്തിലെ ഡോക്ടറൽ, പോസ്റ്റ്-ഡോക്ടറൽ പ്രോഗ്രാമുകൾ ശക്തിപ്പെടുത്തുക. സംസ്ഥാന പരിധിയിൽ നിലവിലുള്ള പിഎച്ച്.ഡി. പ്രോഗ്രാമുകൾക്ക് 10 ലക്ഷം രൂപ ലഭ്യമാക്കി അവ മെച്ചപ്പെടുത്തും.
251	Higher Education	തിരഞ്ഞെടുത്ത സർവകലാശാലകളിൽ സേവനാവകാശ നിയമം (Right to Service Act) നടപ്പിലാക്കൽ
252	Higher Education	ഫാക്കൽറ്റി അംഗങ്ങൾക്ക് സ്റ്റാർട്ട് അപ്പുകളും കൺസൾട്ടൻസികളും പ്രോത്സാഹിപ്പിക്കുന്നതിനും നയിക്കുന്നതിനും അനുമതി നൽകൽ

253	Higher Education	മിഷൻ AI ഗുരു - ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ 25,000 അധ്യാപകർക്ക് എഐ സംബന്ധിയായ പരിശീലനം നൽകുന്നു. കരിക്കുലത്തിലും ഗവേഷണത്തിലും എഐ ഉൾപ്പെടുത്താൻ അവരെ പ്രാപ്തരാക്കുകയാണ് ലക്ഷ്യം
254	Higher Education	വൺ-കോളേജ്, വൺ-ഇന്നൊവേഷൻ പദ്ധതി ആരംഭിക്കൽ (Launching of One-College, One-Innovation Programme)
255	Higher Education	വിദ്യാർത്ഥികൂടെ അഭിരുചി/ Aspiration സർവേ നടത്തൽ (Conduct of Student Aspiration Survey)
256	Higher Education	ശാസ്ത്രീയ മനോഭാവത്തിനായുള്ള ജവഹർലാൽ നെഹ്റു കേന്ദ്രങ്ങളുടെ പൈലറ്റ് പദ്ധതി (Piloting of Jawaharlal Nehru Centres for Scientific Temper)
257	Higher Education	സർവ്വകലാശാല നിയമങ്ങളുടെ സമഗ്രമായ നിയമ പരിഷ്കരണം ആരംഭിക്കും .
258	Higher Education	സംസ്ഥാനത്തുടനീളമുള്ള FYUGP അക്കാദമിക് കലണ്ടർ നിരീക്ഷിക്കുന്നതിനുള്ള പോർട്ടൽ സ്ഥാപിക്കൽ
259	Higher Education	സിദ്ധാർത്ഥ് ആന്റി-റാഗിംഗ് നിയമത്തിന്റെ കരട് തയ്യാറാക്കൽ (Drafting of Sidharth Anti-Ragging Act)
260	Higher Education	സ്മാർട്ട് കണക്ട് - ആധുനിക ഡിജിറ്റൽ ലൈബ്രറി സേവനങ്ങൾ
261	Higher Education	സ്റ്റേറ്റ് സെൻട്രൽ ലൈബ്രറിയുടെ ഒരു ബ്രാഞ്ച് (ശാഖ) ടെക്നോപാർക്കിനുള്ളിൽ സ്ഥാപിക്കൽ
262	Higher Education	ഹരിത കാമ്പസ് മിഷൻ - IHRD സ്ഥാപനങ്ങളിൽ ഗ്രീൻ കാമ്പസ് പദ്ധതി. മാലിന്യ സംസ്കരണം, മഴവെള്ള സംഭരണം, EV ചാർജിംഗ് തുടങ്ങിയവ നിർമാണം ആരംഭിക്കും..
263	Home	CyHunt പദ്ധതിയുടെ ഭാഗമായി, സൈബർ തട്ടിപ്പ് സംഘങ്ങൾ ഉപയോഗിക്കുന്ന മ്യൂൾ ബാങ്ക് അക്കൗണ്ടുകൾ (Mule Bank Accounts) കണ്ടെത്തി അത്തരം അക്കൗണ്ടുകൾ നിർജ്ജീവമാക്കുന്നതിന് പ്രത്യേക ശ്രദ്ധ നൽകുന്നതാണ്.
264	Home	അടിയന്തര ഇടപെടൽ ആവശ്യമായ പ്രധാന മാർക്കറ്റുകൾ തിരിച്ചറിയുക.

265	Home	അപകടസാധ്യതയുള്ള പ്രദേശങ്ങൾ മുൻകൂട്ടി തിരിച്ചറിയുന്നതിനും നിയമപാലകർക്ക് ആവശ്യമായ വിവരങ്ങൾ കൈമാറുന്നതിനുമായി AI Track എന്ന പ്രവചനാധിഷ്ഠിത (Predictive) ട്രാഫിക് സംവിധാനം സംസ്ഥാനത്ത് നടപ്പിലാക്കുന്നതാണ്.
266	Home	അബ്കാരി കേസുകൾപരിഗണിക്കുന്ന കോടതികളെ എൻ.ഡി.പി.എസ്. (NDPS - Narcotic Drugs and Psychotropic Substances) കോടതികളായി പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
267	Home	ഉയരമേറിയ കെട്ടിടങ്ങളിലെ രക്ഷാപ്രവർത്തനങ്ങൾക്കായി ഒരു ഏരിയൽ ലാഡർ പ്ലാറ്റ്ഫോം (ALP) വാങ്ങുക.
268	Home	എ.ഐ. (AI) അധിഷ്ഠിത വിശകലന (Analytical) മോഡ്യൂൾ ഉപയോഗപ്പെടുത്തി സംസ്ഥാനമൊട്ടാകെ രാത്രികാല പോലീസ് പട്രോളിംഗ് കൂടുതൽ കാര്യക്ഷമമാക്കുന്നതാണ്.
269	Home	എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ആധുനിക ജില്ലാ വെൽനസ് സെന്ററുകൾ (District-Level Wellness Centres) സ്ഥാപിക്കുന്നതാണ്.
270	Home	എല്ലാ പോലീസ് സ്റ്റേഷനുകളിലും നിലവിൽ സ്ഥാപിച്ചിട്ടുള്ള സി.സി.ടി.വി. (CCTV) ക്യാമറകളുടെ പ്രവർത്തനം ജില്ലാ കൺട്രോൾ റൂമുകൾ വഴി നിരീക്ഷിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതാണ്..
271	Home	എല്ലാ പോലീസ് സ്റ്റേഷനുകളെയും ശുചിത്വവും ഹരിതാഭവുമായ (Clean & Green) പോലീസ് സ്റ്റേഷനുകളാക്കി മാറ്റുന്നതാണ്.
272	Home	എറണാകുളം ജില്ലാ ജയിലിലെ ജലക്ഷാമത്തിന് പരിഹാരം കാണുന്നതിന്റെ ഭാഗമായി നടപ്പിലാക്കുന്ന മഴവെള്ള സംഭരണിയുടെ അറ്റകുറ്റപ്പണികൾ
273	Home	ഓഡിറ്റ് നടത്തിയ മാർക്കറ്റുകളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള അഗ്നിസുരക്ഷാ ശുപാർശകൾ തയ്യാറാക്കുക

274	Home	കേരള പോലീസിന്റെ ഔദ്യോഗിക മൊബൈൽ ആപ്ലിക്കേഷനായ POL App-ൽ നിലവിലുള്ള എസ്.ഒ.എസ്. (SOS) അടിയന്തരസഹായ സംവിധാനം കൂടുതൽ ജനങ്ങളിലെത്തിക്കുന്നതിനും POL App-ന്റെ ജനപ്രീതിയും ഉപയോഗവും വർധിപ്പിക്കുന്നതിനുമായി 100 ദിവസത്തിനുള്ളിൽ 2 മില്യൺ (20 ലക്ഷം) ഡൗൺലോഡുകൾ എന്ന ലക്ഷ്യം കൈവരിക്കുന്നതാണ്.
275	Home	ഗതാഗത നിയമലംഘനങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ട് റിപ്പോർട്ട് ചെയ്യുന്നതിനുള്ള 'ശുഭയാത്ര (Subhayathra) ആപ്പ്' നിലവിൽ വരുന്നതാണ്.
276	Home	ജനമൈത്രി ബീറ്റ് സംവിധാനം കൂടുതൽ കാര്യക്ഷമവും സജീവവുമാക്കി പുനരുജ്ജീവിപ്പിക്കുന്നതാണ്
277	Home	ജയിൽ വകുപ്പിലെ വീഡിയോ കോൺഫറൻസിംഗ് സംവിധാനത്തിന്റെ നവീകരണം (പോർട്ടബിൾ വി.സി സംവിധാനം സ്ഥാപിക്കുക)
278	Home	തിരുവനന്തപുരം വിമെൻ ഓപ്പൺ പ്രിസൺ & കറക്ഷണൽ ഹോമിലെ വിവിധ സെല്ലുകളുടെ നവീകരണ പ്രവർത്തികൾ
279	Home	തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിൽ ഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്ന പ്രവർത്തി
280	Home	നിയമവിരുദ്ധ ലോൺ ആപ്പുകളെക്കുറിച്ച് പൊതുജനങ്ങളിൽ അവബോധം വർധിപ്പിക്കുന്നതിനായി തുടർച്ചയായ ബോധവത്കരണ ക്യാമ്പയിനുകൾ സംഘടിപ്പിക്കുന്നതാണ്.
281	Home	പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന എല്ലാ പരാതികളും സ്വീകരിച്ച്, പരാതിക്കാരനെ 15 ദിവസത്തിനുള്ളിൽ ഫീഡ്ബാക്ക് നിർബന്ധമായും അറിയിക്കുന്ന സംവിധാനം നിലവിൽ വരുത്തുന്നതാണ്.

282	Home	പോക്സോ (POCSO) കേസുകളുടെ അന്വേഷണം, തെളിവ് ശേഖരണം, അതിജീവിതർക്ക് (Victims) ആവശ്യമായ പിന്തുണ ഉറപ്പാക്കൽ, അതിവേഗത്തിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിക്കൽ എന്നിവയ്ക്കായി സമഗ്രമായ ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജർ (SOP) തയ്യാറാക്കുന്നതാണ്.
283	Home	പോലീസിന്റെ പ്രവർത്തനങ്ങളിൽ കൂടുതൽ ഉത്തരവാദിത്വവും സുതാര്യതയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി, പോലീസ് ഉദ്യോഗസ്ഥർക്കുള്ള ബോഡി-വോൺ ക്യാമറകൾ (Body-Worn Cameras) ഘട്ടംഘട്ടമായി വ്യാപിപ്പിക്കുന്നതാണ്.
284	Home	പോലീസ് ഉദ്യോഗസ്ഥരുടെ സേവന-ശമ്പളവുമായി ബന്ധപ്പെട്ട പരാതികൾ കാര്യക്ഷമമായി പരിഹരിക്കുന്നതിനായി ജില്ലാ തലത്തിൽ "DPC Talks with Cops" എന്ന പേരിൽ പ്രത്യേക സർവീസ് അദാലത്തുകൾ സംഘടിപ്പിക്കുന്നതാണ്.
285	Home	പോലീസ് കോൺസ്റ്റബിൾ നിയമനത്തിലെ നിലവിലുള്ള 9:1 അനുപാതം 7:3 ആയി പരിഷ്കരിച്ച് പോലീസ് സേനയിൽ വനിതാ പ്രാതിനിധ്യം വർധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.
286	Home	പോലീസ് സ്റ്റേഷനുകളുടെ പ്രവർത്തനത്തെക്കുറിച്ചുള്ള പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തുന്നതിനായി ക്യു.ആർ. (QR) കോഡ് അടിസ്ഥാനമാക്കിയുള്ള ഫീഡ്ബാക്ക് സംവിധാനം നടപ്പിലാക്കുന്നതാണ്..
287	Home	പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസർ (SHO) തസ്തികകളിൽ കൂടുതൽ വനിതാ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.
288	Home	ഭിന്നശേഷിക്കാർക്ക് പ്രത്യേക സഹായം ലഭ്യമാക്കുന്നതിനായി എല്ലാ പോലീസ് സ്റ്റേഷനുകളിലും ഭിന്നശേഷി സൗഹൃദ സഹായ ഡെസ്കുകൾ (PWD's Friendly Desks) സ്ഥാപിക്കുന്നതാണ്.

289	Home	മുൻഗണനാടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത മാർക്കറ്റുകളിൽ അഗ്നിസുരക്ഷാ ഓഡിറ്റുകൾ നടത്തുക.
290	Home	രാത്രികാല പട്രോളിംഗ് സംവിധാനം കൂടുതൽ ഫലപ്രദമാക്കുന്നതിനുള്ള മാർഗങ്ങൾ പഠിക്കുന്നതിനായി എ.ഡി.ജി.പി. (Law & Order) യുടെ അധ്യക്ഷതയിൽ ഒരു സമിതി രൂപീകരിക്കുന്നതാണ്.
291	Home	വിയ്യൂർ അതീവ സുരക്ഷ ജയിലിലെ ഇന്നർ ഗേറ്റ് മുതൽ ഗ്രൌണ്ട് ഫ്ലോർ വരെ നടപ്പാത നിർമ്മിച്ച് റാമ്പ്/ ഗ്രിൽ സ്ഥാപിക്കുന്ന പ്രവർത്തി
292	Home	വിയ്യൂർ അതീവ സുരക്ഷ ജയിലിലെ ഫസ്റ്റ് ഫ്ലോറിലെ സെല്ലുകളുടെ വരാന്തയിൽ ഗ്രിൽ സ്ഥാപിക്കുന്ന പ്രവർത്തി
293	Home	വ്യാപാരികൾക്കും മാർക്കറ്റുമായി ബന്ധപ്പെട്ട മറ്റ് പങ്കാളികൾക്കുമായി അഗ്നിസുരക്ഷാ ബോധവത്കരണ പരിപാടികളും മോക്ക് ഡ്രില്ലുകളും സംഘടിപ്പിക്കുക.
294	Home	സംസ്ഥാനത്ത് പുതുതായി 200 സ്കൂളുകളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) പദ്ധതി ആരംഭിക്കുന്നതാണ്.
295	Home	സൈബർ കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള ടോൾ-ഫ്രീ ഹെൽപ്പ്ലൈൻ നമ്പരായ 1930-നെക്കുറിച്ചും ഓൺലൈൻ സൈബർ പരാതി പോർട്ടലിനെക്കുറിച്ചും പൊതുജന അവബോധവും പ്രചരണവും കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്
296	Home	സൈബർ വിംഗിലെ ഉദ്യോഗസ്ഥർ സൈബർ സ്പേസിൽ നിരന്തര പട്രോളിംഗ് നടത്തി, അനുമതിയില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന ലോൺ ആപ്പുകൾ കണ്ടെത്തി നിയമനടപടികൾ സ്വീകരിക്കുന്നതാണ്.

297	Housing	ഇന്റഗ്രേറ്റഡ് സ്കിൽ ട്രെയിനിംഗ് പ്രോഗ്രാം 2026 – കെട്ടിട നിർമ്മാണത്തിലും അനുബന്ധ മേഖലകളിലുമായി യുവജനങ്ങൾക്ക് പരിശീലനം നൽകുന്നതിനായി 34 പദ്ധതികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് - ഇതിൽ രണ്ടു പരിശീലന പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം
298	Industries & Commerce	100 ദിവസത്തിനുള്ളിൽ 100 പുതിയ Micro Small and Medium Enterprises, സ്പെഷ്യൽ എംപ്ലോയിമെന്റ് ജനറേഷൻ പ്രോഗ്രാം (എന്റെ ഗ്രാമം പദ്ധതി) പ്രകാരം തുടങ്ങും.(ഖാദി)
299	Industries & Commerce	2027 ഫെബ്രുവരിയിൽ ആഗോള നിക്ഷേപക സംഗമം (Global Investors Summit) സംഘടിപ്പിക്കുന്നതിനുള്ള നടപടികൾക്ക് തുടക്കം കുറിക്കും.
300	Industries & Commerce	Institute of Fashion Technology, Kerala, St. Theresas NIFT - graduates എന്നിവരുമായി സഹകരിച്ച് നൂതന ഡിസൈനുകളും ഉത്പന്നങ്ങളും ഉത്പാദിപ്പിക്കും. (ഖാദി)
